**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 580** **24-08-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാർ പൂട്ടാൻ തീരുമാനിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്; | (എ) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പൊതുമേഖല സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന ബദൽ നയ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. ഇതിനോടകം, കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ്, കെൽ-EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. സമീപകാലത്ത്, സ്വകാര്യവത്കരിക്കാൻ കേന്ദ്രം തീരുമാനിച്ച HLL (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കായി KSIDC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാൽ ലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തിന് അവകാശമില്ലെന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള അന്തിമ അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ഉല്പന്നത്തിന്റെ വിപണന സാധ്യതയും ലാഭകരമായി നടത്തുവാനുള്ള സാങ്കേതിക വിദ്യയും സ്വായത്തമായിട്ടുണ്ടെകിൽ അവയുടെ മുൻകാല കടങ്ങൾ വീട്ടി ആ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുക എന്നുള്ളതാണ് സംസ്ഥാന സർക്കാർ അനുവർത്തിച്ചിരിക്കുന്ന നയം. |
| (ബി) | അത്തരം സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കുകയും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പൊതുമേഖല സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന ബദൽ നയ സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. ഇതിനോടകം, കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുന്നതിനോ/പൂട്ടുന്നതിനോ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, BHEL-EML എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് യഥാക്രമം കേരള പേപ്പർ പ്രൊഡക്ട് ലിമിറ്റഡ്, കെൽ-EML എന്നിങ്ങനെ പുനർനാമകരണം ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളായി പ്രവർത്തിച്ചുവരുന്നു. സമീപകാലത്ത്, സ്വകാര്യവത്കരിക്കാൻ കേന്ദ്രം തീരുമാനിച്ച HLL (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കായി KSIDC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാൽ ലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തിന് അവകാശമില്ലെന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. കൂടാതെ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള അന്തിമ അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട് ഉല്പന്നത്തിന്റെ വിപണന സാധ്യതയും ലാഭകരമായി നടത്തുവാനുള്ള സാങ്കേതിക വിദ്യയും സ്വായത്തമായിട്ടുണ്ടെങ്കിൽ അവയുടെ മുൻകാല കടങ്ങൾ വീട്ടി ആ സ്ഥാപനത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുക എന്നുള്ളതാണ് സംസ്ഥാന സർക്കാർ അനുവർത്തിച്ചിരിക്കുന്ന നയം. |

സെക്ഷൻ ഓഫീസർ